**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3306** 10-12-2018 -ൽ മറുപടിക്ക്

## ഓഖി ദുരന്തബാധിതർക്ക് സർക്കാർ നൽകിയ സഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.ജെ. മാക്സി** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | ഓഖി ദുരന്തബാധിതർക്കായി നാളിതുവരെ സംസ്ഥാന സർക്കാർ ചെലവഴിച്ച തുക എത്ര; കേന്ദ്ര സർക്കാർ അനുവദിച്ച തുകയുടെ അവശേഷിക്കുന്ന ഭാഗം ലഭ്യമാക്കാത്ത തിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ; | എ) | ഓഖിയുമായി ബന്ധപ്പെട്ട് നാളിതുവരെ സംസ്ഥാന സർക്കാർ ചെലവഴിച്ച തുക സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.<br>കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് 133 കോടി രൂപയുടെ അടിയന്തിരസഹായം അനുവദിക്കുകയും, ഓഖിക്കായി അനുവദിച്ച സഹായത്തിൽ 21.30 കോടി രൂപ അധികമായി അനുവദിച്ചതായി 26/02/2018-ൽ ചേർന്ന നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സബ്കമ്മിറ്റി പരിശോധിച്ച് കണ്ടെത്തുകയും അധികമായി അനുവദിച്ച തുക ഇനി വരുന്ന ദുരന്തങ്ങൾ നേരിടുവാൻ ഉപയോഗിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. |
| ബി) | ഓഖി ദുരന്തത്തെത്തുടർന്ന് നാളിതുവരെ മരണപ്പെട്ടവർ, തിരിച്ചു വരാത്തവർ എത്രയാണെന്നും എത്ര വീടുകൾ പൂർണ്ണമായും ഭാഗികമായും തകർന്നുവെന്നും എത്ര ബോട്ടുകൾ ഉപയോഗശൂന്യമായി എന്നും എത്ര ഹെക്ടർ സ്ഥലത്ത് കൃഷി നശിച്ചുവെന്നും വ്യക്തമാക്കാമോ; | ബി) | ഓഖി ദുരന്തത്തിൽ 58 പേർ മരണമടയുകയും 92 പേരെ കാണാതാവുകയും ചെയ്തു. വീടുകൾക്ക് നാശനഷ്ടമുണ്ടായതിന്റെയും ബോട്ടുകൾ ഉപയോഗ ശൂന്യമായതിന്റെയും കൃഷി നശിച്ചതിന്റേയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| സി) | ഇത്തരത്തിൽ ദുരന്തം സംഭവിച്ചവർക്ക് സർക്കാർ എന്തൊക്കെ സഹായങ്ങൾ നൽകി ; തരംതിരിച്ച് വ്യക്തമാക്കുമോ ; | സി) | മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെയും കാണാതായ മത്സ്യത്തൊഴിലാളികളുടെയും ആശ്രിതർക്ക് സംസ്ഥാന സർക്കാർ 20 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഓഖിയിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളികളല്ലാത്തവരുടെ ആശ്രിതർക്ക് 6 ലക്ഷം രൂപ വീതവും അനുവദിച്ച് നൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഒറ്റ തവണ ആശ്വാസ സഹായമായി 2,000/- രൂപ വീതം അനുവദിച്ച് നൽകി. വീടിന് പൂർണ്ണമായും ഭാഗികമായും നാശനഷ്ടം നേരിട്ടവർക്കും കൃഷി നാശം നേരിട്ടവർക്കും ആശ്വാസ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിൽ 239 പേർക്ക് ഗുരുതരമായി പരിക്കേറ്റിട്ടുണ്ട്. ഇവർക്ക് 20,000/- രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഫിഷറീസ് വകുപ്പിന് മത്സ്യബന്ധനോപാധികൾ പൂർണ്ണമായും നഷ്ടപ്പെട്ട |

| | | | |
|---|---|---|---|
| | | | മത്സ്യത്തൊഴിലാളികൾക്ക് 308.62 ലക്ഷം രൂപയും രണ്ടാം ഘട്ടമായി മത്സ്യബന്ധനോപാധികൾ പൂർണ്ണമായി/ ഭാഗികമായി നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 165.67 ലക്ഷം രൂപയും മൂന്നാം ഘട്ടമായി മത്സ്യബന്ധനോപാധികൾ പൂർണ്ണമായി/ ഭാഗികമായി നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 180.03 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. രജിസ്ട്രേഷനോ ലൈസൻസോ ഇല്ലാത്ത മത്സ്യബന്ധനോപകരണങ്ങൾക്ക് 22.52 ലക്ഷം രൂപയും കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിന് 3 മറൈൻ ആംബുലൻസുകൾ നിർമ്മിക്കുന്നതിന് 736 ലക്ഷം രൂപയും അനുവദിച്ചു. ഓഖി ദുരന്തത്തിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളികൾക്ക് സ്ഥലവും വീടും കണ്ടെത്തുന്നതിന് 741.60 ലക്ഷം രൂപയും ഭാഗികമായി കേടുപറ്റിയ 458 മത്സ്യത്തൊഴിലാളി ഭവനങ്ങൾ റിപ്പയർ ചെയ്യുന്നതിനായി 204 ലക്ഷം രൂപയും ഓഖി ദുരന്തത്തിൽ മരിച്ചവരുടെയും കാണാതായവരുടെയും മക്കൾക്ക് വിദ്യാഭ്യാസ ധനസഹായവും തൊഴിൽ പരിശീലനവും നൽകുന്നതിന് 1392 ലക്ഷം രൂപയും കടൽ സുരക്ഷാ സംവിധാനങ്ങളും കടൽ രക്ഷാ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനായി കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് 715 ലക്ഷം രൂപയും അനുവദിച്ചു മത്സ്യത്തൊഴിലാളികൾക്ക് അപകട ഘട്ടങ്ങളിൽ ജീവൻ രക്ഷയ്ക്കായി ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്യുന്നതിന് 610 ലക്ഷം രൂപയും അപകട മുന്നറിയിപ്പുകൾ 1500 കിലോ മീറ്റർ വരെ അകലത്തിലുള്ള മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കാൻ സഹായിക്കുന്ന നാവിക് ഉപകരണങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് അനുവദിക്കുന്നതിന് 1593 ലക്ഷം രൂപയും ആഴക്കടലിൽ മത്സ്യബന്ധനത്തിന് ഏർപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സാറ്റ് ലൈറ്റ് ഫോൺ വാങ്ങുന്നതിന് 942.61 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| ഡി) | ഓഖി ദുരന്തത്തിൽ അപകടം സംഭവിച്ചവർ എത്ര; ഇവർക്ക് സർക്കാർ എന്തൊക്കെ സഹായങ്ങൾ നൽകി; വിശദമാക്കുമോ? | ഡി) | ഓഖി ദുരന്തത്തിൽ 241 പേർക്ക് പരിക്കേറ്റിട്ടുണ്ട്. ഇവർക്ക് 20,000/- രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ജില്ല | പൂർണ്ണമായി തകർന്ന വീടുകൾ | ഭാഗികമായി തകർന്ന വീടുകൾ | ഉപയോഗശൂന്യമായ ബോട്ടുകൾ | കൃഷി നാശം (ഹെക്ടറിൽ) |
|---|---|---|---|---|
| തിരുവനന്തപുരം | 141 | 2179 | 78 | 676.9 |
| കൊല്ലം | 12 | 258 | 4 | 37.72 |
| പത്തനംതിട്ട | - | - | - | - |
| ആലപ്പുഴ | 5 | 528 | 10 | 3.38 |
| കോട്ടയം | - | - | - | - |
| ഇടുക്കി | - | 248 | - | 789.68 |
| എറണാകുളം | 10 | 2224 | 4 | - |
| തൃശ്ശൂർ | 48 | 812 | 23 | 285 |
| പാലക്കാട് | - | - | - | - |
| മലപ്പുറം | 5 | 5 | - | 80.13 |
| കോഴിക്കോട് | - | 8 | - | - |
| വയനാട് | - | - | - | - |
| കണ്ണൂർ | - | 59 | - | - |
| കാസറഗോഡ് | 1 | 2 | 1 | 5 |

സെക്ഷൻ ഓഫീസർ